# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

**കരയാമുട്ടം യു.പി.സ്കൂൾ**

1. വിദ്യാലയത്തിന്റെ പേര് : യു. പി. സ്കൂൾ കരയാമുട്ടം

2. വിലാസം : പി. ഒ. കരയാമുട്ടം, വലപ്പാട്

3. റവന്യൂ ജില്ല : തൃശ്ശൂർ

4. പിൻകോഡ് : 680567

5. ഫോൺ നമ്പർ : 0487 - 2391101

6. മൊബൈൽ നമ്പർ : 9946369155

7. സ്കൂൾ കോഡ് : 24561

8: വിദ്യാഭ്യാസ ജില്ല : ചാവക്കാട്

9: ഉപജില്ല : വലപ്പാട്

10. ബി. ആർ. സി : തളിക്കുളം

11. സി. ആർ. സി : G.F.L.P.S. പുത്തിലം.

12. ഗ്രാമപഞ്ചായത്ത് : വലപ്പാട്

13. ബ്ലോക്ക് പഞ്ചായത്ത് : തളിക്കുളം

14. ജില്ലാ പഞ്ചായത്ത് : തൃശ്ശൂർ

15. വില്ലേജ് : വലപ്പാട്

16. ബിൽഡിംഗ് നമ്പർ : 299.

17. എച്ച്. എം (D.D.O) : എം. സി. ബിജു.

86 വിദ്യാർത്ഥികളുമായി ആരംഭിച്ചതാണ് ഈ സ്കൂൾ. ഇതിന്റെ സ്ഥാപക മാനേജർ ശ്രീ ടി.വി.നാരായണൻ മാസ്റ്ററാണ്. 1930-ൽ അഞ്ചാം തരം പൂർത്തിയാക്കാൻ സാധിച്ചു. 2025-ൽ 100 വർഷം പൂർത്തിയായി. ഈ കാലഘട്ടത്തിനിടക്ക് പതിനായിരത്തോളം വിദ്യാർത്ഥികൾ അധ്യയനം പൂർത്തിയാക്കി ഈ വിദ്യാലയത്തിൽ നിന്നും പടിയിറങ്ങിയിട്ടുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ അവർ വ്യക്തിമുദ്ര പതിപ്പിച്ചു വരുന്നു. നിലവിൽ 10 അധ്യാപകരും ഒരു ക്ലാർക്കും ഒരു പിടിസിഎമ്മുമാണ് ഉള്ളത്.

ലക്ഷ്യങ്ങൾ:

→ നഴ്സറി മുതൽ 7ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സിലും പാഠ്യപദ്ധതിക്കനുസൃതമായി കളിയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നു.

→ ഓരോ കുട്ടിയുടെ പരിമിതികളും മികവുകളും മനസ്സിലാക്കി പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു.

→ കുട്ടികളുടെ കായിക മേഖലയും സർഗ്ഗാത്മകതയും വളർത്തുന്ന പ്രവർത്തനങ്ങൾ സജ്ജീകരിക്കുന്നു.

→ കുട്ടികൾക്ക് അവരവരുടെ പഠന പാഠ്യേതര മേഖലകളിൽ വളരുവാൻ ആവശ്യമായ അവസരങ്ങൾ ഒരുക്കുന്നു.

പ്രവേശനോത്സവം

ലക്ഷ്യം : 2025-26 അധ്യയന വർഷത്തിൽ ഒന്നാംക്ലാസ്സ് യു.പി. ക്ലാസ്സിലേക്ക് വരുന്ന എല്ലാ കുട്ടികൾക്കും ആഹ്ലാദകരമായ പഠനാന്തരീക്ഷം ഒരുക്കുക.

- പൊതു സമ്മേളനം
- പ്രവേശനോത്സവം
- പുതിയ കുട്ടികളെ സ്വീകരിക്കൽ
- പഠനോപകരണ വിതരണം.

ചുമതല: എല്ലാ അധ്യാപകരും.

വിജയോത്സവം: 2024-25 അധ്യയന വർഷം ഒന്നുമുതൽ ഏഴുവരെ ഓരോ ക്ലാസ്സിലും ഏറ്റവും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ -

- നവാഗതരെ സ്വീകരിക്കൽ.
- പൊതു സമ്മേളനം
- കുട്ടികളുടെ കലാപരിപാടികൾ.

ചുമതല :- ടീച്ചേഴ്സ്.

## പരിസ്ഥിതി ദിനാചരണം

ലക്ഷ്യം :-

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുക, വനങ്ങൾ സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കുക, നല്ല കാലാവസ്ഥ ഉറപ്പാക്കുക, മലിനീകരണം തടയുക.

പ്രവർത്തനങ്ങൾ :-

> പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട്, പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ട് സ്കിറ്റ് അവതരണം.

> പോസ്റ്റർ നിർമ്മാണം

> ചിത്രരചന മത്സരം

> പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി സന്ദേശം പങ്കുവയ്ക്കൽ.

ചുമതല :- ടീച്ചേഴ്സ്.

## നല്ല പാഠം - അവബോധ ക്ലാസുകൾ

ലക്ഷ്യം :-

സമഗ്ര ഗുണമേന്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ അവബോധ ക്ലാസുകളും, മൂല്യബോധവും കുട്ടികൾക്ക് പകർന്നുനൽകുക.

പ്രവർത്തനങ്ങൾ

> ജൂൺ 2 മുതൽ 13 വരെ വ്യത്യസ്ത വിഷയങ്ങളിൽ മൂല്യവബോധ ക്ലാസുകൾ നടത്തുക

→ June 3 – മയക്കുമരുന്ന്, ലഹരി

→ June 4 – ട്രാഫിക് നിയമങ്ങൾ

→ June 5 – വ്യക്തിശുചിത്വം, പരിസരശുചിത്വം

→ June 9 – ആരോഗ്യം, കായിക ക്ഷമത

→ June 10 – ഡിജിറ്റൽ അച്ചടക്കം

→ June 11 – പൊതുമുതൽ സംരക്ഷണം

→ June 12 – പരസ്പരസഹകരണം, റാഗിങ്.

→ June 13. – പൊതു ക്രോഡീകരണം.

> വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ചർച്ചകൾ

> അനുഭവങ്ങൾ പങ്കുവയ്ക്കൽ

> ക്ലാസെടുത്ത വിഷയങ്ങൾ. പ്രായോഗികമാക്കുവാനുള്ള പ്രചോദനം.

ചുമതല :- ടീച്ചേഴ്സ്.

## വായനാദിനാചരണം

ലക്ഷ്യം :-

- കുട്ടികളിൽ വായനാശീലം വളർത്തുക.
- അക്ഷരസ്ഫുടതയോടെ വായിക്കുന്നതിനും, ആശയങ്ങൾ സ്വയം ഗ്രഹിക്കുന്നതിനും സഹായിക്കുക.

പ്രവർത്തനങ്ങൾ

> P. N പണിക്കരുടെ ജീവചരിത്രം പരിചയപ്പെടുത്തൽ

> ലൈബ്രറി പുസ്തകവിതരണം

> പോസ്റ്റർ നിർമ്മാണം

> പദകേളി

> അക്ഷരകേളി

> പദനിർമ്മാണം

> P. N പണിക്കർ - പ്രച്ഛന്ന വേഷം

ചുമതല :- ടീച്ചേഴ്സ് , കുട്ടികൾ

## യോഗാദിനം

ലക്ഷ്യം :-

> ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുക.

> മെച്ചപ്പെട്ട ജീവിതശൈലി ക്രമീകരിക്കുക.

> അച്ചടക്കം രൂപപ്പെടുത്തുക

> ഏകാഗ്രത വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

> യോഗാ പരിശീലനം

> എയ്റോബിക് ഡാൻസ് പരിശീലനം

ചുമതല :- പി. ടി. ടീച്ചർ ( All teachers)

## മയക്കുമരുന്ന് വിരുദ്ധദിനം

ലക്ഷ്യം :-

> മയക്കുമരുന്നിന്റെ വിപത്തുകളെപ്പറ്റി ധാരണ നൽകുക.

> മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം തടയുക.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്.

> പോസ്റ്റർ നിർമ്മാണം

ചുമതല :- ടീച്ചേഴ്സ് , കുട്ടികൾ

## മാസപരീക്ഷ

ലക്ഷ്യം :-

> പഠനനിലവാരം വിലയിരുത്തുക.

> പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നു.

പ്രവർത്തനങ്ങൾ

> ക്ലാസ് ടെസ്റ്റ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു.

> Individualised Instruction

> Remedial Teaching for slow learners.

ചുമതല :- ടീച്ചേഴ്സ്

# ജൂലൈ -

# മാസപ്രവർത്തനങ്ങൾ

## പ്ലാസ്റ്റിക് സർജറി ദിനം

**ലക്ഷ്യം :-**

പ്ലാസ്റ്റിക് സർജറിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, അതിന്റെ ആവശ്യകത തുടങ്ങിയവ കുട്ടികൾ മനസ്സിലാക്കുന്നതിന്.

**പ്രവർത്തനങ്ങൾ :-**

> ബോധവത്കരണ ക്ലാസ്
> ഗ്രൂപ്പ് ചർച്ച

**ചുമതല :-** ടീച്ചേഴ്സ്.

## ചാന്ദ്രദിനം

**ലക്ഷ്യം :-**

> ഭൂമിയുടെ ഏക ഉപഗ്രഹമായ ചന്ദ്രനെപറ്റി കൂടുതൽ അറിയുന്നതിന്
> ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ വ്യക്തികളെ മനസിലാക്കുന്നതിന്

**പ്രവർത്തനങ്ങൾ**

> ചാന്ദ്രദിന ക്വിസ്
> Video clip പ്രദർശനം

- ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് കൊളാഷ് നിർമ്മാണം.

ചുമതല : ടീച്ചേഴ്സ്

## അന്താരാഷ്ട്ര നീതി ദിനാചരണം

ലക്ഷ്യം :

- തുല്യനീതി, തുല്യത തുടങ്ങിയ അടിസ്ഥാന ഭരണഘടന മൂല്യങ്ങളെപ്പറ്റി ധാരണ നേടുന്നു
- നീതി നിഷേധിക്കപ്പെടുന്നവർക്കുവേണ്ടി ശബ്ദം ഉയർത്തുവാനും പോരാടുവാനും അവകാശങ്ങൾ സംരക്ഷിക്കുവാനും പ്രാപ്തി നേടുന്നു.

പ്രവർത്തനങ്ങൾ

- ബോധവൽക്കരണ സെമിനാർ
- റാലി
- പോസ്റ്റർ നിർമ്മാണം.

ചുമതല :- ടീച്ചേഴ്സ് , കുട്ടികൾ.

## കാർഗിൽ ദിനം

ലക്ഷ്യം :-

ശത്രുസൈന്യത്തെ പ്രതിരോധിച്ച് കാർഗിലിൽ നമ്മുടെ അഭിമാനമായ ത്രിവർണ്ണപതാക നാട്ടി ഇന്ത്യൻ സൈന്യം വിജയം നേടിയ സുദിനത്തെ ഓർമ്മിക്കുന്നതിനും അതിർത്തി കാക്കുന്ന സൈന്യത്തോട് ഉള്ള ആദരവും ബഹുമാനവും കുട്ടികളിൽ വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ

> കാർഗിൽ ദിനത്തിന്റെ പ്രസക്തി - സന്ദേശം പങ്കുവയ്ക്കൽ

> യുദ്ധവുമായി ബന്ധപ്പെട്ട് കൊളാഷ് നിർമ്മാണം.

> യുദ്ധത്തിന്റെ പരിണിതഫലങ്ങൾ ഉയർത്തിക്കാണിക്കുന്ന പോസ്റ്റർ നിർമാണം.

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ

മാസപരീക്ഷ

ലക്ഷ്യം :-

> പഠനനിലവാരം വിലയിരുത്തുക

> പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നു.

പ്രവർത്തനങ്ങൾ

> വിജയികൾക്കു പ്രോത്സാഹനസമ്മാനം നൽകുന്നു.

> Individualised Instruction

> Remedial Teaching.

ചുമതല : ടീച്ചേഴ്സ്

# ആഗസ്റ്റ് - മാസപ്രവർത്തനങ്ങൾ

## ഹിരോഷിമ - നാഗസാക്കി ദിനാചരണം

ലക്ഷ്യം :-

> യുദ്ധത്തിന്റെ ദുഷ്യവശങ്ങളെപ്പറ്റി മനസിലാക്കുന്നതിന്.
> ലോകസമാധാനത്തിന്റെ പ്രസക്തി മനസിലാക്കുന്നതിന്.
> മൂല്യാവബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിന്.

പ്രവർത്തനങ്ങൾ

> യുദ്ധവിരുദ്ധ സന്ദേശം
> റാലി
> സഡാക്കോ കൊക്ക് നിർമാണം
> പോസ്റ്റർ നിർമാണം

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ.

## സ്വാതന്ത്ര്യദിനം

ലക്ഷ്യം :-

> കുട്ടികളിൽ പൗരബോധം വളർത്തുന്നതിന്
> കുട്ടികളിൽ ദേശസ്നേഹവും, കൃത്യബോധവും വളർത്തുന്നതിന്.
> ഇന്ത്യയെക്കുറിച്ച് മനസിലാക്കുന്നതിന്

> സ്വാതന്ത്ര്യസമര സേനാനികളെ അനുസ്മരിക്കുന്നതിനും അവരുടെ സേവനങ്ങൾ മനസിലാക്കുന്നതിനും.

പ്രവർത്തനങ്ങൾ

> പതാക ഉയർത്തൽ, സന്ദേശം നൽകൽ
> ചിത്രരചന
> പതാക നിർമാണം
> സ്വാതന്ത്ര്യദിന ക്വിസ്

ചുമതല :-
Social Science club & SS teacher.

കർഷകദിനം

ലക്ഷ്യം :-
> കൃഷിയുടെ പ്രസക്തി മനസിലാക്കുന്നതിന്
> വ്യത്യസ്ത കൃഷിരീതികളെ പറ്റി ധാരണ നേടുന്നതിന്
> കൃഷിയും കൃഷിയിടങ്ങളും അന്യനിന്നുപോകുന്നതു മൂലമുണ്ടാകുന്ന ദുരവസ്ഥയെപറ്റി ധാരണ നേടുന്നു.

പ്രവർത്തനങ്ങൾ

> ബോധവൽക്കരണ ക്ലാസ്
> കൃഷിസ്ഥല സന്ദർശനം
> പോസ്റ്റർ നിർമാണം

ചുമതല :- ടീച്ചേഴ്സ്, കുട്ടികൾ